LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ഫീസ് ഘടനയും പ്രവേശന മാനദണ്ഡവും

112 [3096] *ശ്രീ. എ. സി. മൊയ്തീൻ:*
,, *പി. ജയരാജൻ:*
,, *കോടിയേരി ബാലകൃഷ്ണൻ:*

ഡോ. *തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ഫീസ് ഘടനയും പ്രവേശന മാനദണ്ഡവും നിശ്ചയിക്കുന്നതിനുള്ള കേന്ദ്ര നിയമത്തിന്റെ കരട് സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഈ കരട് നിയമം സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനം എന്നത്തേക്കാണ് അഭിപ്രായം കേന്ദ്രത്തെ അറിയിക്കേണ്ടിയിരുന്നത്; സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ന്യൂനപക്ഷ സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വാട്ടയിൽ 50%-ൽ അധികം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്ന് കരടുനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വ്യവസ്ഥയോട് സംസ്ഥാന ഗവൺമെന്റ് യോജിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരട് നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ താമസിയാതെ അറിയിക്കുന്നതാണ്.

(സി) കരട് നിയമം സർക്കാരിന്റെ പരിശോധനയിലാണ്.

2004-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള ബി.എസ്.സി. നഴ്സിംഗ് പ്രവേശനം

113 [3097] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച 41730 പേരുടെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽനിന്നും കേരളത്തിലെ ആകെയുള്ള 41 ബി.എസ്.സി. നഴ്സിംഗ് കോളേജ് (ഗവൺമെന്റ് & സെൽഫ് ഫൈനാൻസിംഗ്) കളിലെ ബി.എസ്.സി. നഴ്സിംഗിന്റെ 1025 ഗവൺമെന്റ് മെരിറ്റ് സീറ്റുകളിലേക്ക് എത്രപേരെ അലോട്ട് ചെയ്ത് അഡ്മിഷൻ കൊടുത്തുവെന്ന് അറിയിക്കുമോ;

(ബി) ഈ 1025 ഗവൺമെന്റ് മെരിറ്റ് സീറ്റുകളിൽ എത്ര എണ്ണം അലോട്ട് ചെയ്യാതെ മാനേജ്മെന്റുകൾക്ക് വിട്ടുകൊടുത്തുവെന്ന് വിശദമാക്കാമോ;

(സി) 2004-ൽ ബി.എസ്.സി. നഴ്സിംഗിന്റെ 130 ഗവൺമെന്റ് മെരിറ്റ് സീറ്റുകളിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ലായെന്ന് 30-11-2004-ലെ കേരള കൗമുദി പത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സീറ്റുകളിലേക്ക് 2004-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ പേര് ഉണ്ടായിരുന്നതും 9-11-2004-ൽ തിരുവനന്തപുരത്ത് നടന്ന കൗൺസിലിംഗിൽ പങ്കെടുത്തവരുമായ എസ്. സി., എസ്. ടി., ഒ.ബി.സി., ഒ.ഇ.സി. ഉൾപ്പെടെ അർഹരായ കുട്ടികൾക്ക് അലോട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;.

(ഇ) ഈ കൗൺസിലിംഗിൽ പങ്കെടുത്ത കുട്ടികൾക്ക് അലോട്ട് ചെയ്യാതെ ബി.എസ്.സി. നഴ്സിംഗിന്റെ 130 ഗവൺമെന്റ് മെരിറ്റ് സീറ്റുകൾ മാനേജ്മെന്റിന് കൈമാറ്റം ചെയ്തതിന് ഉത്തരവാദി ആരെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ 130 സീറ്റുകളിൽ പ്രൈവറ്റ് മാനേജ്മെന്റ് പ്രവേശിപ്പിച്ച എത്ര കുട്ടികൾ 2004-ലെ കേരള മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതിയിട്ടുണ്ട്;

(ജി) 9-11-2004-ലെ കൗൺസിലിംഗിൽ ഓപ്ഷൻ കൊടുക്കുകയും 30-11-2004-ൽ പ്രത്യേകം അപേക്ഷിക്കുകയും ചെയ്ത റോൾ നമ്പർ 16712-ലെ കുട്ടിക്ക് ബി.എസ്.സി. നഴ്സിംഗിന്റെ ഗവൺമെന്റ് മെരിറ്റ് സീറ്റിൽ അഡ്മിഷൻ കൊടുക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(എച്ച്) 2004-ലെ ഈ 130 ഗവൺമെന്റ് മെരിറ്റ് സീറ്റുകൾ മെഡിക്കൽ റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട് ചെയ്യാതെ പ്രൈവറ്റ് മാനേജ്മെന്റിന് കൈമാറ്റം ചെയ്ത കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 2004-ൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് സംസ്ഥാനത്തെ 3 ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിലും, 41 സ്വാശ്രയ നഴ്സിംഗ് കോളേജുകളിലുമായി 2230 സീറ്റുകൾ ലഭ്യമായിരുന്നതിൽ 1201 മെരിറ്റ് സീറ്റുകളിൽ 981 എണ്ണത്തിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(ബി) 220 സീറ്റുകൾ നികത്താതെ കിടന്നിരുന്നു. പ്രോസ്പെക്ടസ് വ്യവസ്ഥകളനുകരിച്ച് ഇവ ലാപ്സ്ഡ് സീറ്റായി പരിഗണിച്ച് മാനേജ്മെന്റുകൾക്ക് നികത്താവുന്നവയായിരുന്നു.

(സി) ഇല്ല.

(ഡി) 9-11-2004-ൽ നടന്ന കൗൺസിലിംഗിന് മെഡിക്കൽ റാങ്കിൽ ഉൾപ്പെട്ട എല്ലാപേരെയും (1 മുതൽ 41730 വരെ) ഓപ്ഷൻ നൽകാൻ ക്ഷണിച്ചിരുന്നു. ഇവരുടെ താല്പര്യപ്രകാരം റാങ്കിലെ യോഗ്യത അനുസരിച്ച് പ്രവേശനം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് താല്പര്യമില്ലാത്ത കോളേജുകളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഓപ്ഷൻ തരാത്തതുകാരണം അത്തരത്തിലുള്ള കോളേജുകളിൽ സീറ്റ് ഒഴിവ് വന്നിട്ടുണ്ട്. പ്രത്യേകിച്ചും സംവരണ സീറ്റുകളിലാണ് കൂടുതൽ ഒഴിവ് വന്നിട്ടുള്ളത്. മെഡിക്കൽ നഴ്സിംഗ് സീറ്റുളിലേക്ക് ഏറ്റവും ഒടുവിലായി 24-11-2004-ൽ നടന്ന റീ അലോട്ട്മെന്റിലും വിദ്യാർത്ഥികൾ നൽകിയ എല്ലാ ഓപ്ഷനുകളും റാങ്കിന്റെ ക്രമത്തിൽ പരിഗണിച്ചാണ് സീറ്റുകൾ നൽകിയിട്ടുള്ളത്.

(ഇ) വിദ്യാർത്ഥികൾ നൽകിയ ഓപ്ഷന്റെ അടിസ്ഥാനത്തിൽ റീ-അലോട്ട്മെന്റ് സമയത്ത് സീറ്റുകൾ അനുവദിച്ചുവെങ്കിലും പല വിദ്യാർത്ഥികളും പ്രവേശനം നേടുകയുണ്ടായില്ല. കൂടാതെ പല കോളേജുകളിലെ ലഭ്യമായ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾ ഓപ്ഷനും തന്നിട്ടുണ്ടായിരുന്നില്ല. സംവരണം, ഓപ്ഷൻ, റാങ്ക് എന്നിവയുടെ അടിസ്ഥാനത്തിൽമാത്രം അലോട്ട്മെന്റ് നൽകാനേ വ്യവസ്ഥയുള്ളു. എന്നിട്ടും സീറ്റുകൾ ഒഴിഞ്ഞുകിടന്നാൽ മാനേജ്മെന്റിന് അവ നികത്താവുന്നതാണ് എന്ന് പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ജി) റോൾ നമ്പർ 16712 ആയ കുട്ടിയുടെ മെഡിക്കൽ റാങ്ക് 28778 ആണ്. കുട്ടിക്ക് അർഹമായിരുന്ന ടി. സി. സംവരണത്തിൽ ഏറ്റവും ഒടുവിൽ പ്രവേശനം നൽകിയ കുട്ടിയുടെ റാങ്ക് 14426 ആണ്. ഇതിൽ താഴെ റാങ്കുള്ള ഒരാൾക്കും ഈ വിഭാഗത്തിൽ അലോട്ട്മെന്റിന് അർഹത ലഭിച്ചിരുന്നില്ല.

(എച്ച്) അതാത് വർഷത്തെ അഡ്മിഷൻ അവസാനിക്കുമ്പോൾ ഒഴിവു വരുന്ന സീറ്റുകൾ ലാപ്സ്ഡ് സീറ്റുകൾ ആയി കണക്കാക്കി പ്രസ്തുത സീറ്റുകൾ നികത്താൻ മാനേജുമെന്റുകളെ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നിലവിലുണ്ട്. അതിനാൽ ഈ വിഷയത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

2005-ലെ മെഡിക്കൽ കൗൺസിലിംഗിൽ 261-ാം റാങ്കുകാരനായ പട്ടികജാതി വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്.-ന് ലഭിച്ച അഡ്മിഷൻ

114 [3098] *പ്രൊഫ. എ. ഡി. മുസ്തഫ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ മെഡിക്കൽ കൗൺസിലിംഗിൽ പ്രവേശനത്തിനായി അലോട്ട് ചെയ്തിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിലെ 261-ാം റാങ്കുകാരനായ പട്ടികജാതി വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്.-ന് മെരിറ്റിലാണോ അഡ്മിഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മെരിറ്റിലല്ല അഡ്മിഷൻ നൽകിയിട്ടുള്ളതെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 2005-ലെ മെഡിക്കൽ അലോട്ടുമെന്റിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിനുള്ള 700 സീറ്റുകളിൽ 8% റിസർവേഷൻ പ്രകാരം 56 സീറ്റുകൾ അലോട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly